പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3445 12/05/17-ൽ മറുപടിയ്ക്ക്

## പട്ടികവിഭാഗങ്ങളുടെ പഠനനിലവാരം മെച്ചപ്പെടുത്താൻ എല്ലാ ജില്ലകളിലും മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എ.പി.അനിൽകുമാർ**<br>**ശ്രീ.വി.പി.സജീന്ദ്രൻ**<br>**ശ്രീ.അനിൽ അക്കര**<br>**ശ്രീ.ഐ.സി.ബാലകൃഷ്ണൻ** | | **ശ്രീ. എ.കെ.ബാലൻ**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | പട്ടികജാതി വിഭാഗങ്ങളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിവരുന്നതെന്നു വ്യക്തമാക്കുമോ; | എ) | പട്ടികജാതി വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>1. പ്രീമെട്രിക് സ്കോളർഷിപ്പ്<br>2. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്<br>3. പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്<br>4. അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ്<br>5. 9,10 ക്ലാസുകളിലെ പ്രീമെട്രിക് സ്കോളർഷിപ്പ് (100% CSS)<br>6. ഗവൺമെന്റ് ഓഫ് ഇന്ത്യാ സ്കോളർഷിപ്പ്<br>7. സ്റ്റെതസ്കോപ്പ് വാങ്ങൽ<br>8. ലാപ്ടോപ്പ് വാങ്ങൽ<br>9. പ്രാരംഭ ച്ചെലവ്<br>10. വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള ധനസഹായം<br>11. അയ്യങ്കാളി ടാലന്റ് സെർച്ച് & ഡെവലപ്മെന്റ് സ്കീം<br>12. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനത്തിന് ധനസഹായം നൽകുന്ന പദ്ധതി.<br>13. പ്രത്യേക പ്രോത്സാഹന സമ്മാനം<br>14. ബുക്ക് ബാങ്ക് സ്കീം(50%CSS)<br>15. **Upgradation of Merit (State Scheme)**<br><br>**പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനായി വകുപ്പിനു കീഴിൽ റസിഡൻഷ്യൽ സൗകര്യത്തോടു കൂടിയ 10 സ്കൂളുകളും പ്രവർത്തിച്ചു വരുന്നുണ്ട്.** |

| | | | |
|---|---|---|---|
| ബി) | ഇവരുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ എത്രത്തോളം സഹായകരമായി എന്നു വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | ബി) | വിലയിരുത്തിയിട്ടുണ്ട്. വകുപ്പിനു കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ മികച്ച നിലവാരം പുലർത്തി വരുന്നവയാണ്. 2016-17 വർഷത്തെ എസ്.എസ്.എൽ.സി പരീക്ഷ എഴുതിയ 291 വിദ്യാർത്ഥികളിൽ 290 പേരും വിജയിക്കുകയും 11 പേർ ഫുൾ എ+ നേടിയിട്ടുമുണ്ട്. 29ൽ28 എം.ആർ.എസുകളും എസ്.എസ്.എൽ.സി.യ്ക്ക് 100% വിജയം നേടി.<br>മോഡൽ റസിഡൻഷ്യൽ സ്കൂൾ വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിന് മാനേജർ കം റസിഡന്റ് ട്യൂട്ടർമാരുടെ(എം.സി.ആർ.റ്റി) സേവനം ലഭ്യമാക്കുന്നുണ്ട്. വിദ്യാർത്ഥികളെ സമൂഹത്തിൽ ഉത്തമ പൗരന്മാരാക്കി വളർത്തി കൊണ്ടു വരുന്നതിന് എസ്.പി.സി പദ്ധതി എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും വിജയകരമായി നടത്തി വരുന്നു. കലാകായിക ഇനങ്ങളിൽ മികവു പുലർത്തുന്ന വിദ്യാർത്ഥികളെ കണ്ടെത്തി പൊതു വിദ്യാഭ്യാസ വകുപ്പു നടത്തുന്ന കലാകായിക മേളകളിൽ പങ്കെടുപ്പിക്കുന്നുണ്ട്. ഈ വർഷം മുതൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ മാത്രം സംസ്ഥാനതല കായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| സി) | എല്ലാ ജില്ലകളിലും മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിച്ച് പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | സി) | എല്ലാ ജില്ലകളിലും മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിക്കുന്നതിനുള്ള നടപടി പരിഗണനയിലാണ്.. കോഴിക്കോട് ചക്കിട്ടപ്പാറ, കണ്ണൂരിൽ തളിപ്പറമ്പ്, പെരിങ്ങോം, പാലക്കാട് എന്നിവിടങ്ങളിൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിക്കുന്നതിന് കെ.ഐ.ഐ. എഫ്.ബി-യിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. നിലവിൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ഇല്ലാത്ത മറ്റു ജില്ലകളിൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിക്കുന്നതിന് സ്ഥലം ലഭ്യമാകുന്ന മുറയ്ക്കായിരിക്കും നടപടി സ്വീകരിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**